# പ്രതിഷേധങ്ങൾ രൂക്ഷമാകുന്നു ലോകബാങ്ക് നിലപാട് മാറ്റുന്നു

**സ്വന്തം ലേഖകൻ**

പ്രാഗ്: ലോകബാങ്കിന്റേയും ഐ.എം.എഫിന്റേയും ഈ വർഷത്തെ സംയുക്ത വാർഷികസമ്മേളനം ശക്തവും അക്രമാസക്തവുമായ പ്രതിഷേധപ്രകടനങ്ങളുടെ വേലിയേറ്റം മൂലം ഒരു ദിവസം നേരത്തേ അവസാനിപ്പിച്ചു.

സെപ്റ്റം. 26, 27, 28 തിയ്യതികളിലായിരുന്നു സമ്മേളനം ആസൂത്രണം ചെയ്തിരുന്നതും അജണ്ട നിശ്ചയിച്ചിരുന്നതും. പ്രതിഷേധ പ്രകടനക്കാരെ കർശനമായി നേരിടാൻ 15,000 സുരക്ഷാഭടന്മാരെയാണ് ചെക്കോസ്ലോവാക്യൻ സർക്കാർ ഒരുക്കിനിർത്തിയിരുന്നത്. ലോകത്തിലെ മിക്കവാറും എല്ലാ രാഷ്ട്രങ്ങളിൽ നിന്നും പ്രതിഷേധപ്രകടനങ്ങളിൽ പങ്കെടുക്കാൻ ആൾക്കാരെത്തിയിരുന്നു. അവരിൽ ഭൂരിഭാഗവും അഹിംസാപരമായ സമരരീതികളിൽ വിശ്വസിക്കുന്നവരാണ്. ചെറിയൊരു ന്യൂനപക്ഷമാണ് അക്രമാസക്തമായ സമരരീതികളിലേയ്ക്ക് വഴിമാറിയത്. പക്ഷെ, അവർക്കെതിരെ രൂക്ഷമായ എന്തെങ്കിലും നടപടിയെടുത്താൽ ലോകബാങ്കിനെതിരെയുള്ള വിമർശനത്തിന് ഇനിയും ശക്തികൂടുകയേ ഉള്ളൂ എന്നതിനാൽ ചെക്കോസ്ലാവാക്യൻ സർക്കാർ പ്രതിസന്ധിയിലായി. അവസാനം, സമ്മേളനം ഒരു ദിവസം മുമ്പേ അവസാനിപ്പിച്ച് രക്ഷപ്പെടുകയായിരുന്നു ലോകബാങ്ക്.

അക്രമാസക്തമായ പ്രതിഷേധരീതികളെ ലോകബാങ്ക് വിരുദ്ധരായ സംഘടനകൾതന്നെ വിമർശിക്കുന്നുണ്ട്. മറുവശത്ത്, സമരം ചെയ്യുന്ന ചെറുപ്പക്കാർ ചോദിക്കുന്ന പല ചോദ്യങ്ങളും പ്രസക്തങ്ങളാണെന്ന് ലോകബാങ്ക് പ്രസിഡണ്ട് തന്നെ സമ്മേളനത്തിന്റെ ഉദ്ഘാടനദിവസം തുറന്നു സമ്മതിച്ചു.

ലോകബാങ്ക് ദരിദ്രർക്കും ദരിദ്രരാഷ്ട്രങ്ങൾക്കും എതിരെ സമ്പന്നരാഷ്ട്രങ്ങളുടെ വാലാട്ടിയായി പ്രവർത്തിക്കുകയാണെന്ന വിമർശനം ദിനം കഴിയുന്തോറും ശക്തമായിക്കൊണ്ടിരിക്കുകയും ലോകബാങ്ക് ഒരു ആത്മവിമർശനത്തിനും പദ്ധതികളുടെ പുനരവലോകനത്തിനും തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

ഉദാഹരണത്തിന്, ലോകബാങ്കിന്റെ സഹായം നേടി ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ നിർമ്മിച്ചിട്ടുള്ള വൻകിട അണക്കെട്ടുകളുടേയും ഖനികളുടേയും നിർമ്മാണഘട്ടത്തിൽ കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളേയും ഗ്രാമീണരേയും പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ അതതു ഗവൺമെന്റുകൾ വരുത്തിയ വീഴ്ചകളും തൽസമയം അതു കണ്ടെത്തി വീഴ്ച പരിഹരിക്കാൻ അവരെ പ്രേരിപ്പിക്കാതിരുന്ന ലോകബാങ്കിന്റെ ഉത്തരവാദിത്തക്കുറവും ലോകമെങ്ങും വാർത്തകളും ചിത്രങ്ങളും ടി.വി. ഡോക്യുമെന്ററികളുമായി പടർന്നപ്പോൾ ലോകബാങ്കിന്റെ ഇമേജ് തകർന്നു തരിപ്പണമാവുകയായിരുന്നു.

ഇപ്പോൾ ഇന്ത്യയുൾപ്പെടെ മൂന്നാം ലോകരാഷ്ട്രങ്ങൾക്ക് വികസനപദ്ധതികൾക്കായി ലോൺ നൽകുമ്പോൾ അതുമൂലം കഷ്ടത്തിലാവുന്ന ജനങ്ങളുടെ പുനരധിവാസത്തിനു മുഖ്യപരിഗണന നൽകാനും വീഴ്ചവരുത്തുന്നപക്ഷം തുടർന്നുള്ള ലോൺ വിതരണം നിർത്തിവെയ്ക്കാനും തന്നെയാണ് ലോകബാങ്ക് തീരുമാനം.